(എ) ഡി.റ്റി.ഒ. ആഫീസായിരുന്ന ചെങ്ങന്നൂർ ഡിപ്പോ എ.റ്റി.ഒ. ആഫീസാക്കി തരം താഴ്ത്തി സർവ്വീസുകൾ കുറച്ച വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശബരിമല സീസണിൽ ഏറ്റവും കൂടുതൽ കളക്ഷൻ ഉണ്ടായിരുന്ന ഡിപ്പോ ചെങ്ങന്നൂർ ആയിരുന്നു എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തീർത്ഥാടകർ ഇത്രയും എത്തുന്ന ചെങ്ങന്നൂരിൽ നിന്ന് പളനി, മധുര എന്നീ തീർത്ഥാടന കേന്ദ്രങ്ങളിലേയ്ക്ക് പുതിയ ബസ്സ് സർവ്വീസ് ആരംഭിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) തീർത്ഥാടകർക്കായി ബസ് സ്റ്റേഷനിൽ ഇൻഫർമേഷൻ സെന്റർ തുറക്കുന്നതിനോ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനോ സർക്കാരിന് പരിപാടികൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചെങ്ങന്നൂർ ഡിപ്പോ എ.റ്റി.ഒ. ഓഫീസായി തരം താഴ്ത്തിയിട്ടില്ല. മാത്രമല്ല സർവ്വീസുകൾ കുറച്ചിട്ടുമില്ല.

(ബി) ശബരിമല സീസണിലെ ആകെ വരുമാനത്തിന്റെ കാര്യത്തിൽ ചെങ്ങന്നൂർ ഡിപ്പോ 1999 ഡിസംബറിൽ 17-ാം സ്ഥാനത്തും 2000 ജനുവരിയിൽ 20-ാം സ്ഥാനത്തുമായിരുന്നു.

(സി) നിലവിലുള്ള അന്തർ സംസ്ഥാന കരാർ പ്രകാരം ചെങ്ങന്നൂരിൽനിന്ന് പളനി, മധുര എന്നിവിടങ്ങളിലേയ്ക്ക് പുതിയ ബസ് സർവ്വീസ് ആരംഭിക്കാൻ നിർവ്വാഹമില്ല.

(ഡി) നിലവിൽ കെ.എസ്.ആർ.ടി.സി. യുടെ ഒരു എൻക്വയറി കൗണ്ടർ അവിടെ പ്രവർത്തിച്ചു വരുന്നുണ്ട്. യാത്രക്കാർക്ക് ആവശ്യമായ വിവരങ്ങൾ ആ കൗണ്ടറിൽ നിന്ന് ലഭിക്കുന്നതാണ്.

73 (391) കാസർഗോഡ് ഡിപ്പോയിൽ നിന്നുള്ള ബസ് സർവ്വീസുകൾ

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ബസ് ഡിപ്പോയിൽ നിന്ന് എത്ര സർവ്വീസുകൾ ഇക്കൊല്ലം റദ്ദുചെയ്തു;

(ബി) ഏതൊക്കെ റൂട്ടുകൾ എന്നറിയിക്കുമോ;

(സി) റദ്ദു ചെയ്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) റദ്ദു ചെയ്ത സർവ്വീസുകൾ പുനഃരാരംഭിക്കുമോ?

ഉത്തരം

(എ) ഒന്നും തന്നെ റദ്ദു ചെയ്തിട്ടില്ല.

(ബി)&(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഒന്നും തന്നെ റദ്ദു ചെയ്തിട്ടില്ല. അതിനാൽ ചോദ്യം ഉദിക്കുന്നില്ല.

1121/2010.

LIBRARY ARCHIVES Kerala Legislative Assembly